**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2487** **13-09-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കായി ആരോഗ്യ വകുപ്പുമായി ചേർന്ന് നടപ്പാക്കിയിട്ടുള്ള പദ്ധതികളേതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ സ്ഥാപനങ്ങൾക്കു മരുന്ന് വാങ്ങൽ, ആരോഗ്യസ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ, ആരോഗ്യസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യസ്ഥാപനങ്ങളിൽ പ്രത്യേക ചികിൽസാ പദ്ധതികൾ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, മഹിളാമിത്രം ക്ലീനിക്, സാന്ത്വന പരിചരണം-പാലിയേറ്റീവ് ക്ലിനിക്, ആരോഗ്യസ്ഥാപനങ്ങളിൽ ലാബ് ഉപകരണങ്ങൾ, സ്കാനിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഡയാലിസിസിന് ഉപകരങ്ങൾ വങ്ങൽ, ഡയാലിസിസ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഡയാലിസിസിസ് രോഗികൾക്കുള്ള ധനസഹായം, ഫിസിയോ തെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കൽ, ജീവിതശൈലി രോഗ നിയന്ത്രണ പരിപാടികൾ, സബ് സെൻറ്ററുകൾ സ്ഥാപിക്കലും നവീകരണവും, ജീവനം പദ്ധതി, ആരോഗ്യസ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകൽ, ആരോഗ്യസ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും നവീകരണവും, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ, ധനസഹായം - കനിവ്, സ്വാന്തനം പാലിയേറ്റീവ് കെയർ പിഎച്ച്സി മരുന്ന് വാങ്ങൽ, ഗുരുതര രോഗമുള്ളവർക്ക് ജീവൻ രക്ഷാ മരുന്നുകൾ വാങ്ങൽ, പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ്, പാലിയേറ്റീവ് രോഗികൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ, കൗമാര പെൺകുട്ടികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം, |

| | | | |
|---|---|---|---|
| | | | സബ്സെന്ററുകളിൽ വെൽനസ് ക്ലിനിക്ക് സജ്ജീകരിക്കൽ തുടങ്ങി നിരവധി പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്നു. |
| (ബി) | ആരോഗ്യ മേഖലയിൽ ഈ സാമ്പത്തികവർഷം ജൂലൈ 31 വരെ തദ്ദേശസ്വയംഭരണ വകുപ്പ് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) | ഗ്രാമ പഞ്ചായത്തുകൾ 10846. 81 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 3335.14 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തുകൾ 1774.87 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾ 2398.02 ലക്ഷം രൂപയും കോർപ്പറേഷനുകൾ 603.08 ലക്ഷം രൂപയും അടക്കം ആകെ 18957.92 ലക്ഷം രൂപ ഈയിനത്തിൽ ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ